ശ്രീ. എ. എൽ. ജേക്കബ്: അതിനെക്കുറിച്ച് ആലോചിക്കുകയുണ്ടായി. അതു ലാഭകരമല്ലായെന്നു തോന്നിയതുകൊണ്ടാണ് പ്രോസസ് ചെയ്തതിനുശേഷം കയറ്റുമതി ചെയ്താൽ മതിയെന്നു തീരുമാനിച്ചത്.

ശ്രീ. പി.പി. എസ്തോസ്: കൊക്കൊയെസംബന്ധിച്ചും അതുപോലെ മറ്റു കൃഷികളെസംബന്ധിച്ചും പഠിക്കുവാനായി നമ്മുടെ മുൻ കൃഷിവകുപ്പുമന്ത്രി ദീർഘമായ വിദേശപര്യടനം നടത്തുകയുണ്ടായി. അതിൽനിന്നും എന്തെങ്കിലും നോഹൗ ഇതിനുവേണ്ടി ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതുപയോഗിച്ച് ഒരു പ്രോസസിംഗ് യൂണിറ്റ് ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: ഏലാ വികസന ഓഫീസ് മുഖേനയും അഗ്രിക്കൾച്ചറൽ വികസന ഓഫീസ് മുഖേനയുമാണ് കൊക്കോ തൈകൾ വിതരണം ചെയ്യുന്നത്. ഇത് രണ്ടും ഇല്ലാത്ത പഞ്ചായത്താഫീസുകാർക്ക് തക്കസമയത്ത് കൊക്കോ തൈകൾ വിതരണം ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി കൊക്കോ തൈകൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതിനെക്കുറിച്ച് കൃഷിഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് ഉടനെ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യം 243 ചോദിച്ചില്ല.)

വളത്തിൻെറയും, കീടനാശിനികളുടെയും വില

*227 [244] ഡോക്ടർ ജോർജ് മാത്യു:
ശ്രീ. വി.ജെ. ജോസഫ്:
,, ലോനപ്പൻ നമ്പാടൻ:
,, കെ.വി. കുര്യൻ:
,, വി.ടി. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവ് പരിഗണിച്ച് വളത്തിൻെറയും, കീടനാശിനികളുടെയും വില കുറയ്ക്കുന്നതിനെപ്പറ്റി എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി.ജെ. ജോസഫ്: വില കുറയ്ക്കുന്നതിനെപ്പറ്റി ചിന്തിച്ചിട്ടില്ലെന്ന് പറഞ്ഞു. ആവശ്യത്തിന് വളവും കീടനാശിനിയും കിട്ടുന്നില്ലെന്നുള്ളത് പരിഗണിച്ച് ഇതിൻെറ ഉത്പാദനം കേരളത്തിൽ വർദ്ധിപ്പിക്കുന്നതിന്എന്തെങ്കിലും നടപടിസ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: വളവും കീടനാശിനിയും കിട്ടുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. വി.ജെ. ജോസഫ്: ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്ന് പറയുന്നത് വാസ്തവമാണോയെന്ന് അറിഞ്ഞുകൂടാ. ഈ രാജ്യത്തെ കർഷകർക്ക് പലപ്പോഴും ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്നുള്ളത് സത്യമാണ്. ഇതെപ്പറ്റി അന്വേഷിക്കാനും വിലകുറച്ച് കിട്ടുന്നതിനും ആവശ്യത്തിന് വളവും മറ്റും കിട്ടുന്നതിനും സഹായകരമായരീതിയിൽ കേരളത്തിൽ പുതിയതായി ഫാക്ടറികൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: കീടനാശിനികൾക്ക് എല്ലാം വളരെയധികം വിലകുറഞ്ഞിട്ടുണ്ട്. വേണമെങ്കിൽ അതെപ്പറ്റി ആലോചിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ: വളത്തിനും കീടനാശിനികൾക്കും വ്യാപകമായ തോതിൽ മായംചേർക്കുന്നത് തടയുന്നതിനുള്ള കർശനമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതെപ്പറ്റി ആലോചിക്കാം.

ശ്രീ. വി.ജെ. ജോസഫ്: വളവും കീടനാശിനികളും ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ കേരളത്തിൽ ആരംഭിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ചിന്തിക്കുമോയെന്നും അതിന് സത്വരനടപടി സ്വീകരിക്കുമോയെന്നും ഉള്ള ചോദ്യത്തിന് വ്യക്തമായ മറുപടി അദ്ദേഹത്തിൽനിന്ന് ഉണ്ടായിട്ടില്ല. പുതിയ ഫാക്ടറികൾ ആരംഭിക്കുന്നതിനെപ്പറ്റി ചിന്തിക്കുമോ? ചിന്തിച്ചിട്ടുണ്ടോ? ഭാവിയിലെങ്കിലും ചിന്തിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആലോചിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് അവതരിപ്പിച്ചതിൽ വളരെയധികം നികുതിയിൽ ഇളവ് ഉണ്ടായിരിക്കുന്നത് പരിഗണിച്ച് വളത്തിന്റെ വിലയിൽ എന്തുമാത്രം കുറവ് വരുമെന്ന് സംസ്ഥാന ഗവൺമെന്റ് അസസ്മെന്റ് നടത്തിയിട്ടുണ്ടോ? യൂറിയായ്ക്ക് 100 രൂപ ഒരു ടണ്ണിന് വിലകുറയുമെന്ന് പത്രത്തിൽ വാർത്ത ഉണ്ടായിരുന്നു. അതനുസരിച്ച് എന്തുമാത്രം കുറയുമെന്ന് ഗവൺമെന്റ് അസസ്സ് ചെയ്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അസസ്സ് ചെയ്യാൻ പോകുന്നതേയുള്ളു.

ശ്രീ. പി. സി. ജോസഫ്: വളത്തിന് മായംചേർക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ലെന്ന് മന്ത്രി മറുപടി പറയുകയുണ്ടായി. അത് ഒരു വസ്തുതയാണെന്നും ഈ രാജ്യത്തെ കൃഷിക്കാർക്ക് വളരെ ബുദ്ധിമുട്ട് അതുകൊണ്ട് ഉണ്ടെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ അത് പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: തീർച്ചയായും നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. എസ്തോസ്: കേന്ദ്രഗവൺമെൻറ് ബഡ്ജറ് അവതരിപ്പിച്ചതിൻെറ ഫലമായി കിലോഗ്രാമിന് 10 പൈസ കിഴിവുണ്ട്. കിലോഗ്രാമിന് പത്തുപൈസ കേന്ദ്രഗവൺമെൻറ് കിഴിയ്ക്കാൻ തീരുമാനിച്ചപ്പോഴും പാവപ്പെട്ട കൃഷിക്കാർക്ക് പ്രയോജനം കിട്ടത്തക്കവിധത്തിൽ കേന്ദ്രഗവൺമെൻറ് പ്രഖ്യാപിച്ച പത്തുപൈസയ്ക്കുപുറമേ ഈ ഗവൺമെൻറ് പത്തുപൈസകൂടി കിഴിവ് അനുവദിച്ച് സബ്സിഡൈസ്ഡ് റേറിൽ അഞ്ചും പത്തും കിലോഗ്രാം വാങ്ങിക്കുന്നതിന് സഹായം ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്: സബ്സിഡൈസ്ഡ് റേറിനെപ്പറ്റി ഒന്നും പറയാൻ സാധ്യമല്ല. കാര്യമായ വില കുറഞ്ഞിട്ടുണ്ട്. സബ്സിഡൈസ്ഡ് റേറേറ് ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

*228 [245] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് ഏതെങ്കിലും നിയമം ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അവരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിക്കുന്ന നിയമം കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളെ സംബന്ധിച്ച് പ്രത്യേക നിയമമൊന്നും നിലവിലില്ല. എന്നാൽ പല തൊഴിൽ നിയമങ്ങളും പ്രസ്തുത ജീവനക്കാർക്ക് ബാധകമാണ്.

(ബി) കേന്ദ്ര ഗവൺമെൻറ് സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരെകൂടി ഉൾപ്പെടുത്തിക്കൊണ്ടു ഒരു നിയമം കൊണ്ടുവരുന്നുണ്ട്. ആകയാൽ, സംസ്ഥാന സർക്കാർ ഒരു നിയമം കൊണ്ടുവരേണ്ട ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. പി.ബാലൻ: സംസ്ഥാന ഗവൺമെൻറ് നേരത്തേ ഒരു ബില്ല് തയ്യാറാക്കിയിരുന്നുവെന്നും ഈ രംഗത്തെ നിക്ഷിപ്ത താത്പര്യക്കാരുടെ സമ്മർദ്ദംമൂലം ആ ബില്ല് അവതരിപ്പിക്കാതെ കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണെന്നും കേൾക്കുന്നത് ശരിയാണോ?

ശ്രീ. എം.കെ. രാഘവൻ: അത് ശരിയല്ല. ഇത് കൺകറൻറ് ലിസ്റ്റിൽപ്പെടുന്ന നിയമനിർമ്മാണമാണ്. അതിനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. ആ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് പരിഗണിക്കുന്ന സന്ദർഭത്തിലാണ് കേന്ദ്രഗവൺമെൻറ് ഇടപെട്ട് ലേബർ കോൺഫറൻസിന് വച്ചതിനുശേഷം തുടർന്നാൽമതിയെന്നുള്ള നിർദ്ദേശം വന്നത്. അതുകൊണ്ടാണ് നടത്താതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly